ഭരണസ്ഥാപനങ്ങൾകൂടെ നിലവിൽവന്നാൽ ഭരണത്തിന്റെ വളരെ വലിയ ഒരു മേഖലയിൽ ഉത്തരവാദിത്വം നേരിട്ടു ജനങ്ങളിൽ നിക്ഷിപ്തമാകും. പഞ്ചായത്തു്—മുനിസിപ്പാലിററി—ജില്ലാ ഭരണത്തിൽ പാർട്ടി പൊളിററിക്സിനു യാതൊരു പ്രസക്തിയുമില്ല. എല്ലാ ജനങ്ങളുടെയും ക്ഷേമമായിരിക്കണം ഈ തലത്തിൽ ഭരണലക്ഷ്യം. പക്ഷേ, ഇത്തരമൊരു വീക്ഷണം ജനങ്ങളിൽ വളർത്തുന്നതിനുള്ള ഒരവസരമായി തിരഞ്ഞെടുപ്പിനെ ഒരു പാർട്ടിയും ഉപയോഗിച്ചിട്ടുള്ളതായി തോന്നുന്നില്ല. പ്രാദേശിക സ്വയംഭരണതലങ്ങളിൽ പാർട്ടിമാത്സര്യങ്ങൾ വേരൂന്നുകയാണെങ്കിൽ അതിന്റെ ഫലം ജനജീവിതം കുറെക്കൂടി അരക്ഷിതവും ആശങ്കാകുലവുമാവുകയെന്നതായിരിക്കും. അതാണോ 1988—ൽ സംഭവിക്കാൻപോകുന്നതു്?

അങ്ങനെ ആവാതിരിക്കട്ടെ

(6 ജനുവരി, 1988)

# 16. ജനസംഖ്യാ സ്ഫോടനം

ഗർഭധാരണം തടയുന്നതിനു് നിരപായങ്ങളും സുനിശ്ചിതങ്ങളും ചെലവു കുറഞ്ഞവയുമായ ധാരാളം ഉപായങ്ങൾ സുലഭങ്ങളാണെങ്കിലും മനുഷ്യവർഗം അത്യന്തം ആപത്കരമായ ഒരു ജനസംഖ്യാസ്ഫോടനത്തിന്റെ മദ്ധ്യത്തിലാണു് ഇന്നു നിലകൊള്ളുന്നതു്.

ജീവിച്ചിരിക്കുന്ന മനുഷ്യരെ ഒന്നുമുതൽ എണ്ണിത്തുടങ്ങിയാൽ, 'അഞ്ഞൂറു കോടി' എന്നു് എണ്ണേണ്ട ശിശു 1986 ജൂണിലോ ജൂലൈയിലോ ജനിച്ചതായി വിശ്വസിക്കപ്പെട്ടിരുന്നു. അമേരിക്കയിൽ വാഷിങ്ടൻ നഗരത്തിലുള്ള ജനസംഖ്യാ പഠനകേന്ദ്രം (പോപ്പുലേഷൻ റഫറൻസ് ബ്യൂറോ; പി. ആർ. ബി.) പറയുന്നതു്, ജീവിച്ചിരിക്കുന്ന മനുഷ്യരിൽ അഞ്ഞൂറു കോടിയാമത്തെ ആൾ എന്ന സവിശേഷത നേടിയതു് യൂഗോസ്ലാവിയയിൽ സഗ്രേബ് നഗരത്തിൽ 1987 നവംബറിൽ പിറന്ന മതേജ്ഗാസ്പർ ആണെന്നത്രേ. മതേജ്ഗാസ്പറുടെ ജനനത്തിനു ശേഷമുള്ള നാലു മാസങ്ങളിൽ ലോക ജനസംഖ്യ അഞ്ഞൂററിപ്പത്തു് കോടിയിലേറെയായി. ഇനി പത്തു വർഷംകൂടി കഴിയുമ്പോഴേക്കു്, 1997—ൽ, ലോക ജനസംഖ്യ അറുനൂറു കോടി കവിയുമെന്നാണു് ഇപ്പോൾ കരുതപ്പെടുന്നതു്. എ. ഡി. രണ്ടായിരമാണ്ടോടെ മനുഷ്യരുടെ എണ്ണം എഴുനൂറു കോടിയാവുമെന്നു് പ്രവചിക്കുന്ന ജനസംഖ്യാശാസ്ത്രജ്ഞരും കുറവല്ല.

ലോക ജനസംഖ്യ ആണ്ടുതോറും നൂറിനു് 1.7 എന്ന കണക്കിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണു് അതായതു്, ഈ ആണ്ടിൽ ആയിരം ആളുകൾ ഉണ്ടായിരുന്നിടത്തു് അടുത്ത ആണ്ടിൽ ആയിരത്തി ഒരുനൂററി എഴുപതു് ആളുകൾ ഉണ്ടാവും. ഇതു ശരാശരി വർദ്ധനയാണു്. ചില രാജ്യങ്ങളിൽ ഇത്രയും ജനവർദ്ധനയില്ല; പക്ഷേ, മററു ചില രാജ്യങ്ങളിൽ ജനവർദ്ധന ഇതിലേറെയാണു്. ഇന്ത്യയിലെ ജനവർദ്ധന നൂറിനു 1.7 എന്ന കണക്കിലാണെന്നു് സർക്കാരും നൂറിനു് 2 എന്ന കണക്കിലാണെന്നു് അനൗദ്യോഗികവൃത്തങ്ങളും പറയുന്നു.

ഇന്ത്യയിൽ ഇപ്പോൾ എൺപത്തൊന്നു കോടി അറുപത്തെട്ടു ലക്ഷം (81,68,00,000) ജനങ്ങളുണ്ടത്രേ. ജനസംഖ്യാവർദ്ധന രണ്ടു ശതമാനമെന്നു കണക്കാക്കിയാൽ, ഇന്ത്യയിൽ അടുത്ത ഒരാണ്ടിൽ ഒരു കോടി അറുപത്തിമൂന്നു ലക്ഷത്തി മുപ്പത്താറായിരം (1,63,36,000) ആളുകൾകൂടി കൂടുതലായി ഉണ്ടായിരിക്കും. എ. ഡി. രണ്ടായിരാമാണ്ടിൽ ഇന്ത്യക്കാരുടെ എണ്ണം നൂറൊന്നു

കോടി മുപ്പത്തിമൂന്നു ലക്ഷമാവും (101,33,00,000). രണ്ടായിരത്തി ഇരുപതാമാണ്ടിൽ ഇന്ത്യയിലെ ജനസംഖ്യ നൂററിമുപ്പതു കോടി എൺപത്തെട്ടു ലക്ഷത്തിൽ (130,88,00,000) കവിയും. 1988 ഏപ്രിൽ 26-ാം തീയതി പി.ആർ.ബി. പ്രസിദ്ധീകരിച്ച കണക്കുകളാണ് ഇവ.

പി. ആർ. ബി.യുടെ കണക്കുകളനുസരിച്ച് ഇന്ത്യയിൽ ആയിരം ജനങ്ങൾക്കിടയിൽ ആണ്ടുതോറും മുപ്പത്തിമൂന്നു ജനനങ്ങളും പതിമൂന്നു മരണങ്ങളും സംഭവിക്കുന്നു. ഇതിനർത്ഥം ആയിരത്തിനു് ഇരുപതു് എന്ന തോതിൽ ആണ്ടുതോറും ജനങ്ങൾ വർദ്ധിക്കുന്നു എന്നത്രേ. ഇന്ത്യയിലെ ജനസംഖ്യ ഓരോ മുപ്പത്തഞ്ചു വർഷത്തിലും ഇരട്ടിയാവുന്നു. ഏററമോ ഇറക്കമോ കൂടാതെ ജനസംഖ്യ ഒരേ നിലയ്ക്കു നില്ക്കണമെങ്കിൽ ഒരു രാജ്യത്തെ സ്ത്രീകളുടെ ശരാശരി പ്രസവനിരക്ക് 2.1 മുതൽ 2.5 വരെ ആയിരിക്കണം. ഇന്ത്യയിലെ സ്ത്രീകളുടെ ശരാശരി പ്രസവനിരക്ക് ഇതിന്റെ ഇരട്ടിയാണ്—4.3. (അതായതു് ഇന്ത്യയിലെ പത്തു സ്ത്രീകളുടെ ആകെ പ്രസവം നാല്പത്തിമൂന്നു് ആകുന്നു.)

ശരാശരി ഇന്ത്യക്കാരൻ ഇന്നു് അമ്പത്തിനാലു വർഷം ജീവിച്ചിരിക്കുന്നു. ഇന്ത്യയിൽ പിറക്കുന്ന ആയിരം കുട്ടികളിൽ നൂറുപേരും ഒരാണ്ടെത്തും മുമ്പു് മരിച്ചുപോവുന്നു. ഇന്ത്യൻ ജനസംഖ്യയിൽ മുപ്പത്തെട്ടു ശതമാനം പതിനഞ്ചു വയസ്സിനു താഴെയുള്ള കുട്ടികളാണ്. നൂറിൽ നാലു് ഇന്ത്യക്കാർ മാത്രമേ അറുപത്തിനാലു വയസ്സിനുമേൽ ജീവിച്ചിരിക്കുന്നുള്ളു. ഇന്ത്യയിലെ കഠിനമായ ദാരിദ്ര്യത്തിനുള്ള ഒരു കാരണം ജനസംഖ്യയുടെ ഈ പ്രത്യേക വയസ്സുംരചനയാണ്. അദ്ധ്വാനിക്കാൻ കഴിവുള്ളവർ ഇവിടെ കുറവും പരോപജീവികൾ കൂടുതലുമാകുന്നു. വളർന്നുവരുന്ന കുട്ടികൾക്കു വേണ്ടത്ര ഭക്ഷണവും വിദ്യാഭ്യാസവും മററു് സൗകര്യങ്ങളും നൽകുവാൻ മുതിർന്നവർക്കു് സാധിക്കുന്നില്ല.

കുടുംബാസൂത്രണം ഒരു സർക്കാർ പരിപാടിയായി ഇന്ത്യ നടപ്പിൽ വരുത്തിത്തുടങ്ങിയിട്ടു് എത്രയോ വർഷങ്ങളായി. ഇതിനായി എത്രയോ കോടി രൂപ ചെലവാക്കുകയും ചെയ്തു. എന്നിട്ടും ഗർഭധാരണപ്രായത്തിലുള്ള ഇന്ത്യൻ സ്ത്രീകളിൽ നൂറിൽ അറുപത്തുപേരും ഇന്നും ഒരുതരത്തിലുമുള്ള ഗർഭനിരോധമാർഗങ്ങളും സ്വീകരിക്കുന്നവരല്ല. നൂറു സ്ത്രീകളിൽ നാല്പതു പേർ മാത്രമാണു് ഇന്ത്യയിൽ ഗർഭനിരോധമാർഗങ്ങൾ ഉപയോഗപ്പെടുത്തുന്നതു്. ഇവരിൽ തന്നെ, ഏറെക്കുറെ നിശ്ചിതഫലങ്ങളായ ശസ്ത്രക്രിയ, ലൂപ്പ് (ഐ.യു.ഡി.), ഗുളിക മുതലായ ആധുനിക ഗർഭനിരോധ തന്ത്രങ്ങൾ സ്വീകരിച്ച സ്ത്രീകൾ നൂറിൽ മുപ്പത്തിരണ്ടുപേർ മാത്രമാണു്. വ്യക്തികളുടെ ഇച്ഛയ്ക്കു തികച്ചും വിട്ടുകൊടുക്കാതെ, ഇന്ത്യയിൽ ജനസംഖ്യനിരോധത്തിനു് അല്പസ്വല്പം നിർബന്ധംകൂടി സർക്കാരിന്റെ ഭാഗത്തുനിന്നു ചെലുത്തേണ്ടതാണെന്ന അഭിപ്രായം ഇന്നു പലർക്കുമുണ്ടു്. രണ്ടിൽ കൂടുതൽ കുട്ടികൾ പിറക്കുന്ന ദമ്പതിമാർക്കു് പ്രസവകാല ശമ്പളം മുതലായ ആനുകൂല്യങ്ങൾ നിരസിക്കുകയെങ്കിലും പരീക്ഷിച്ചുനോക്കണമെന്നു് ഇവർ പറയുന്നു. ജനസംഖ്യാവർദ്ധന ഇന്നത്തെ തോതിൽ തുടർന്നാൽ, ലോകത്തിലെ ഏററവുമധികം ജനസംഖ്യയുള്ള രാഷ്ട്രം എന്ന സംശയാസ്പദമായ 'ബഹുമതി' ഇന്ത്യയ്ക്കു കൈവരാൻ ഇനി അധികം വർഷങ്ങൾ വേണ്ടിവരില്ല.

ഇന്ത്യ, ചീന, പാകിസ്ഥാൻ, ബംഗ്ലാദേശ്, ഇൻഡോനേഷ്യ, ഈജിപ്ത്, ബ്രസീൽ, ഇറാൻ, ആഫ്രിക്കയിലെ അവികസിത രാജ്യങ്ങൾ എന്നിവയിലാണു് ജനസംഖ്യ അനിയന്ത്രിതമായ തോതിൽ വർദ്ധിച്ചുവരുന്നതു്. തികച്ചും അപരിഷ്കൃതങ്ങളായ രാജ്യങ്ങളിൽ ജനനവും മരണവും ഏറെക്കുറെ തുല്യമാകയാൽ ജനസംഖ്യ ഒരു പരിധിവിട്ടു വർദ്ധിക്കുന്നില്ല. ആരോഗ്യസേവന സൗകര്യങ്ങൾ മെച്ചപ്പെടുന്നതോടെ ഇവയിൽ മരണനിരക്കു് കുറയുകയും ജനനനിരക്കു കുറയാതിരിക്കുകയും ചെയ്യുന്നു. മുൻപറഞ്ഞ രാജ്യങ്ങൾ ഇന്നു് ഈ മദ്ധ്യാവസ്ഥയിലാണുള്ളതു്. ഇതിന്റെ ഫലമാണു് ഇവിടങ്ങളിലെ ജനസംഖ്യാ സ്ഫോടനം. സാമ്പത്തികമായി രാഷ്ട്രം ഉയർച്ച നേടുന്നതോടെ,

മരണനിരക്കിനോടൊപ്പം ജനനനിരക്കും കുറയുകയും ജനസംഖ്യാവർദ്ധന നിയന്ത്രണാധീനമായിത്തീരുകയുംചെയ്യുന്നു. പടിഞ്ഞാറെ യൂറോപ്പിലേയും വടക്കേ അമേരിക്കയിലേയും രാജ്യങ്ങൾ ഈ മൂന്നാം ദശയിലാണ് ഇന്ന് സ്ഥിതിചെയ്യുന്നത്.

ചൈനയിൽ ഇപ്പോൾ നൂറെട്ടു കോടി എഴുപതു ലക്ഷം (108,70,00,000) ജനങ്ങളുണ്ട്. അവിടെ ആയിരം ജനങ്ങൾക്കിടയിൽ ആണ്ടുതോറും ഇരുപത്തൊന്ന് ജനനങ്ങളും ഏഴു മരണങ്ങളും നടക്കുന്നു. ശരാശരി ചൈനക്കാരിയുടെ ഗർഭധാരണ നിരക്ക് 2.4 (പത്തു ചൈനക്കാരികൾക്ക് ഇരുപത്തിനാല് പ്രസവം) ആണ്. എ.ഡി രണ്ടായിരാമാണ്ടിൽ ചൈനയിലെ മൊത്തം ജനസംഖ്യ നൂറ്റിരുപത്തൊന്നു കോടി ഇരുപതു ലക്ഷമായിരിക്കും (121,20,00,000) രണ്ടായിരത്തി ഇരുപതാമാണ്ടിൽ നൂറ്റിനാല്പതു കോടി നാല്പതു ലക്ഷവും (140,40,00,000) ചൈനക്കാരന്റെ ശരാശരി ആയുഃപ്രതീക്ഷ ഇപ്പോൾ അറുപത്താറു വർഷമാണ്. ചൈനയിൽ പിറക്കുന്ന ആയിരം കുട്ടികളിൽ നാല്പത്തിനാലു പേർ മാത്രമാണ് ഒരാണ്ടെത്തും മുമ്പ് മരിച്ചുപോകുന്നത്. ചൈനയിലെ ജനസംഖ്യയിൽ ഇരുപത്തൊമ്പതു ശതമാനം പതിനഞ്ചു വയസ്സിൽ താഴെയുള്ളവരും ആറു ശതമാനം അറുപത്തിനാലു വയസ്സിനു മീതെയുള്ളവരുമാണ്. ചൈനക്കാരികളിൽ നൂറിൽ എഴുപത്തിനാലുപേരും ശാസ്ത്രീയങ്ങളായ ഗർഭനിരോധ മാർഗങ്ങൾ ഉപയോഗപ്പെടുത്തിവരുന്നു. ഈ കാര്യങ്ങളിലെല്ലാം ചൈന ഇന്ത്യയേക്കാൾ എത്രയോ മുന്നോട്ടുപോയിരിക്കുന്നു.

പി. ആർ. ബി.യുടെ കണക്കനുസരിച്ച്, ഇന്ന് ഏറ്റവുമധികം ജനസംഖ്യയുള്ള രാഷ്ട്രങ്ങളുടെ ഒരു പട്ടിക താഴെ ചേർക്കുന്നു.

| | | |
|---|---|---|
| 1. | ചൈന | 108,70,00,000 |
| 2. | ഇന്ത്യ | 81,68,00,000 |
| 3. | സോവിയറ്റ് റഷ്യ | 28,59,00,000 |
| 4. | അമേരിക്കൻ ഐക്യനാടുകൾ | 24,61,00,000 |
| 5. | ഇൻഡോനേഷ്യ | 17,74,00,000 |
| 6. | ബ്രസീൽ | 14,44,00,000 |
| 7. | ജപ്പാൻ | 12,27,00,000 |
| 8. | നൈജീരിയ | 11,10,00,000 |
| 9. | ബാംഗ്ലാദേശ് | 10,95,00,000 |
| 10. | പാകിസ്ഥാൻ | 10,75,00,000 |

ഇന്ത്യ ഇന്ന് പലതരം പ്രതിസന്ധികളെ ഒരേസമയത്ത് നേരിട്ടുകൊണ്ടിരിക്കുകയാണ്. ഈ പ്രതിസന്ധികളിൽ ഏറ്റവും മുഖ്യമായത് ജനസംഖ്യാ പ്രതിസന്ധിയാകുന്നു. മറ്റു മിക്ക പ്രതിസന്ധികളും ഇതിൽനിന്ന് ഉത്ഭവിക്കുന്നവയത്രെ. ജനസംഖ്യാ പ്രതിസന്ധിയെപ്പറ്റി ജനങ്ങൾ കൂടുതൽ ബോധവാന്മാരാകേണ്ടിയിരിക്കുന്നു. ജനങ്ങളുടെ സ്വേച്ഛാപൂർവകവും സശ്രദ്ധവും നിരന്തരവുമായ പ്രവർത്തനത്തിലൂടെ അല്ലാതെ സർക്കാർ തലത്തിൽ അർദ്ധമനസ്സോടെ ഇടവിട്ടിടവിട്ട് നടക്കുന്ന പ്രവർത്തനങ്ങളിലൂടെ ജനസംഖ്യാവിസ്ഫോടനമെന്ന പ്രശ്നത്തിന് പരിഹാരമുണ്ടാക്കുക സാദ്ധ്യമല്ല.

ജനങ്ങളേ, ചിന്തിക്കുക! ഈ രാജ്യം നാളെ എങ്ങനെയാവണമെന്ന് തീരുമാനിക്കേണ്ട ബാദ്ധ്യത ഇന്നു നിങ്ങൾക്ക് ഉണ്ട്.

(13, മെയ്, 1988)